# Lourde Voice

# ലൂർദ്ദ് വോയ്സ്




**LOURDES FORANE CHURCH**
**GANDHIPURAM, COIMBATORE**
**WWW.LOURDESFORANE.COM**



**JULY-AUG 2026**


35
YEARS OF TRUST
Modern Grinder Supplier for Modern World
Commercial Coconut Scrapper
Coventional Tilting Grinder
Vegetable Cutter
Commercial Wet Grinder
Avalable in 3 to 20 Liters
Table Top Wet Grinder
Commercial Tilting Grinder
Avalable in 5 to 25 Liters
Commercial Atta Kneader
BEETEX®
INDUSTRIES
808, V.K.K. Menon Road, New Sidhapudur,
Coimbatore - 641 044. Ph : 0422 - 2520279, 4387279,
E-mail : beetexgrinderscbe@yahoo.com
Website : www.beetexgrinders.com



# ലൂർദ്ദ് വോയ്സ്

## ഗാന്ധിപുരം, കോയമ്പത്തൂർ

WWW.LOURDESFORANE.COM


പുസ്തകം – 4 | ജൂലൈ – ആഗസ്റ്റ് | ലക്കം 12


കുർബ്ബാനസമയം:
തിങ്കൾ മുതൽ ശനി വരെ
രാവിലെ 6.15നും വൈകിട്ട്
6.00നും

**ലൂർദ്ദ്വോയ്സ് പാരിഷ് ബുള്ളറ്റിൻ,**
lourdevoicegandhipuram@gmail.com

കുർബ്ബാനസമയം
ഞായർ രാവിലെ 6.15, 8.15.,
10.30,
വൈകിട്ട് 5.30


**EDITOR**
Fr. Shajan Cheeramban
Ph: 7418641802

**SUB EDITOR CUM TREASURER**
FR. NOBERT KAVALAKKAT
PH : 9400144883

**CONVENOR**
Mr. Joffy Jose
Ph: 9894187184

**SECRETARY**
Mrs. Ajimol Antony

**EDITORIAL BOARD**

Mrs. Deepa Biju
Mrs. Tina Felix
Mrs. Fenila Joju
Mr.FRANCIS VIVEK

**Accountant**
Mr. JHONSON REJI

**LOURDE VOICE PRO**
Mr. C G Antony
Ph: 9789613531

**KAIKKARS**
Mr. P.V Francis
Mr. C.F Poulson
Mr. Hinson P.K



എഡിറ്റോറിയൽ

ഇടയമൊഴി

Message from Kochachan

ഇടവക വാർത്തകൾ

സംഘടനാവാർത്തകൾ

സഭാവാർത്തകൾ

Catechism News

Kids Corner

Faith Sparks




# എഡിറ്റോറിയൽ

## നമുക്കും അവനോടു കൂടെ പോയി മരിക്കാം. വിശ്വാസം അതല്ലേ എല്ലാം..



വിജ്ഞാനം വിരൽ തുമ്പിലെന്നു കരുതുന്ന യുവസമൂഹമല്ലേ നമുക്കുചുറ്റും. ഗലീലിയിലെ മീൻപിടുത്തക്കാരിൽ നിന്നും അപ്പസ്തോലസ്ഥാനത്തേക്കു വിളിക്കപ്പെട്ട ഒരു ധീരപുരുഷനാണ് തോമസ് അഥവാ ദീദിമൂസ്. സമാന്തര സുവിശേഷങ്ങളിൽ അപ്പസ്തോലന്മാരുടെ ലിസ്റ്റിന്റെ ഏഴാം സ്ഥാനത്തോ, എട്ടാം സ്ഥാനത്തോ ശ്ലീഹായുടെ പേരുണ്ട്. ലാസറിന്റെ മരണവാർത്ത കേട്ടപ്പോൾ ഈശോ ബഥാനിയായിൽ പോയി ലാസറിനെ കാണാമെന്നു പറഞ്ഞു. അവിടെ ജനങ്ങൾ അങ്ങയെ കല്ലെറിയാൻ തുടങ്ങിയ കാര്യം മറ്റു ശ്ലീഹന്മാർ അനുസ്മരിപ്പിച്ചപ്പോൾ തോമസ് ശ്ലീഹാ പറഞ്ഞു, നമുക്കും അവിടുത്തോടുകൂടെ പോയി മരിക്കാം. യോഹ: 11:16. ധീരമായ ഈ വാക്കുകൾ ചെന്നൈക്കടുത്തുള്ള ചിന്നമലയിൽ വെച്ചു  നിറവേറി. പുനരുത്ഥാനത്തിൽ സംശയിച്ച ശ്ലീഹാ അവിടുത്തേ കണ്ടശേഷം എന്റെ കർത്താവേ എന്റെ ദൈവമേ യോഹ: 20:28 എന്ന് വിളിച്ചു പറഞ്ഞ് തന്റെ വിശ്വാസം പ്രഘോഷിച്ചു.

കാലം മാറുന്നു. Technology പുരോഗമിക്കുന്നു. ലോകം മാറുന്നു. മാറാത്തൊരു ശക്തി ഈശോയാണ്. ദുഃഖത്തിലും, സന്തോഷത്തിലും അവനൊടൊപ്പം ഇരിക്കാൻ സാധിക്കണമെങ്കിൽ അവനിൽ ആഴമായ, ധീരതയുള്ള വിശ്വാസം വേണം. ഈശോയിൽ നിന്നും ആർജ്ജിച്ചെടുക്കുന്ന ധൈര്യം വേണം. പ്രതിസന്ധികളിൽ നമുക്കും അവനോടുള്ള വിശ്വാസം കൈവിടാതെ മുറുകെപ്പിടിക്കാം. വിശ്വാസത്തിലും മൂല്യങ്ങളിലും അധിഷ്ഠിതമായ ക്രിസ്തു സാക്ഷ്യ ജീവിതമാണ് നമ്മുക്ക് ആവശ്യം. സിദ്ധാന്തങ്ങൾ പറയുന്നതിലപ്പുറം ക്രിസ്തുവിന്റെ മനോഭാവങ്ങൾ സ്വന്തമാക്കുന്നതിനും ക്രിസ്തീയ മൂല്യങ്ങൾ ജീവിതത്തിൽ പ്രകടിപ്പിക്കുന്നതിനും നാം തോമാശ്ലീഹായുടെ വിശ്വാസത്തിലൂടെ പരിചയപ്പെടണം. കുടുംബം കുടുംബമാകുന്നത് ബന്ധങ്ങളിലൂടെയാണ്. ഇതിന് അടിസ്ഥാനം പരസ്പരമുള്ള വിശ്വാസവും ആഴമായ സ്നേഹവുമാണ്. കുടുംബ പ്രാർത്ഥനയും, ഒന്നിച്ചുള്ള ദിവ്യബലി അർപ്പണവും ഇതിനു സഹായകരമാകട്ടെ. വിശ്വാസത്തിന് മാതൃകയായ വി. തോമസ് ശ്ലീഹാവഴി വിശ്വാസത്തിന്റെ ദീപം തെളിക്കാൻ നമ്മെ ഈശോ അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കാം.

ഏവർക്കും ദുക്റാന തിരുനാൾ ആശംസകൾ.

സി. വിമൽ ജോസ്, F.C.C.
മേരി റാണി കോൺവെന്റ്, ഗാന്ധിപുരം.



# ഇടയമൊഴി


**ഫാ. ഷാജൻ ചീരമ്പൻ**
**വികാരി**


സ്നേഹമുള്ളവരെ,

ദൈവാനുഗ്രഹത്താൽ നാം ജൂലൈ, ആഗസ്റ്റ് മാസങ്ങളിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. നമ്മുടെ സീറോ-മലബാർ സഭാ പാരമ്പര്യത്തിൽ ഏറെ ആത്മീയ പ്രാധാന്യമുള്ള മാസങ്ങളാണിവ. സഭാത്മകമായ കൂട്ടായ്മയിലും വിശ്വാസത്തിലും നമ്മെ ആഴപ്പെടുത്തുന്ന പ്രധാന തിരുനാളുകൾ ഈ കാലയളവിൽ നാം ഭക്തിപൂർവ്വം ആചരിക്കുന്നു.

ദുക്റാന തിരുനാൾ (ജൂലൈ 3)

ജൂലൈ 3-ാം തീയതി നമ്മുടെ വിശ്വാസപിതാവായ മാർത്തോമ്മാ ശ്ലീഹായുടെ തിരുനാൾ നാം ആഘോഷിക്കുകയാണ്. ഈ പുണ്യദിനം നമുക്ക് കടമുള്ള ദിവസമായതിനാൽ, എല്ലാവരും വിശുദ്ധ കുർബാനയിൽ പങ്കുചേർന്ന് അനുഗ്രഹം പ്രാപിക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു.

സ്വർഗ്ഗാരോപണ തിരുനാളും സ്വാതന്ത്ര്യദിനവും (ആഗസ്റ്റ് 15)

ആഗസ്റ്റ് 15-ന് നമ്മുടെ മാതൃരാജ്യം 79-ാം സ്വാതന്ത്ര്യദിനം ആഘോഷിക്കുന്ന ഈ പുണ്യദിനത്തിൽ, പരിശുദ്ധ ദൈവമാതാവിൻറെ സ്വർഗ്ഗാരോപണ തിരുനാളും നമ്മൾ ഭക്തിപൂർവ്വം കൊണ്ടാടുകയാണ്. മരിയൻ ഭക്തിയും ദേശസ്നേഹവും ഒന്നിച്ചുചേരുന്ന ഈ ധന്യനിമിഷത്തിൽ, ഭാരതത്തിന്റെ സ്വാതന്ത്ര്യത്തിനായി ജീവൻ ബലിനൽകിയ ധീരദേശാഭിമാനികളെ നമുക്ക് നന്ദിയോടെ സ്മരിക്കാം. മാതൃകാപരമായ ജീവിതത്തിലൂടെ സ്വർഗ്ഗസൗഭാഗ്യത്തിലേക്ക് ഉയർത്തപ്പെട്ട പരിശുദ്ധ അമ്മയുടെ മധ്യസ്ഥത തേടി നമ്മുടെ രാജ്യത്തിന്റെ സമാധാനത്തിനും പുരോഗതിക്കും വേണ്ടി നമുക്ക് ഒത്തുചേർന്ന് പ്രാർത്ഥിക്കാം.

മറ്റ് പ്രധാന തിരുനാളുകൾ

പ്രാർത്ഥനയുടെയും ത്യാഗത്തിന്റെയും പ്രാധാന്യം ഓർമ്മിപ്പിക്കുന്ന റോസാമിസ്റ്റിക്കാ മാതാവിന്റെ തിരുനാൾ (ജൂലൈ 13, ആഗസ്റ്റ് 13), കഠിനമായ രോഗപീഡകളിലും സഹനത്തെ സ്നേഹമാക്കി മാറ്റിയ വിശുദ്ധ അൽഫോൻസമ്മയുടെ തിരുനാൾ (ജൂലൈ 28), വൈദികരുടെ ആഗോള മധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ (ആഗസ്റ്റ് 4) എന്നിവയും നാം ഈ മാസങ്ങളിൽ ആചരിക്കുന്നു. ഒരു സീറോ-മലബാർ വിശ്വാസി എന്ന നിലയിൽ, ഈ തിരുനാളുകൾ കേവലം ആഘോഷങ്ങൾ മാത്രമല്ല; മറിച്ച്, കൂദാശകളിലൂടെ നമ്മുടെ വിശ്വാസം നവീകരിക്കാനും സഭാത്മകമായ കടമകൾ വിശ്വസ്തതയോടെ നിർവ്വഹിക്കാനുമുള്ള അവസരങ്ങളാണ്. അതോടൊപ്പം നമ്മുടെ വിശ്വാസത്തിന്റെ പ്രഖ്യാപനമായ ദേവാലയ നിർമ്മാണവും അതുമായി ബന്ധപ്പെട്ട ശ്രമദാനങ്ങളും ഉത്സാഹത്തോടെ നടത്തുന്നതിന് പരിശ്രമിക്കാം. കുടുംബ പ്രാർത്ഥനകളിലൂടെയും ഒന്നിച്ചുള്ള ദിവ്യബലി അർപ്പണത്തി

ലൂടെയും ഈ തിരുനാളുകളിൽ നമുക്ക് സജീവമായി പങ്കുചേരാം. മാർത്തോമ്മാ ശ്ലീഹായുടെയും പരിശുദ്ധ ലൂർദ് മാതാവിന്റെ മാദ്ധ്യസ്ഥ്യം നമ്മുടെ കുടുംബങ്ങളോടും കൂടെ ഉണ്ടായിരിക്കട്ടെ.

സ്നേഹപൂർവ്വം,
നിങ്ങളുടെ വികാരിയച്ചൻ

---




**കഴിഞ്ഞ ഒരു വർഷകാലം ഞങ്ങളിൽ ഒരാളായി ഞങ്ങളോടൊപ്പമായിരുന്ന ഞങ്ങളുടെ കൊച്ചച്ചൻ എഡ്വിൻ കൊമ്പൻ അച്ചന് നന്ദിയും പുതിയ ശുശ്രൂഷ മേഖലയിൽ എല്ലാവിധ ഭാവുകങ്ങളും നേരുന്നു.**



**നമ്മുടെ ഇടവകയിൽ പുതിയ കൊച്ചച്ചനായി കടന്നുവന്നിരിക്കുന്ന ബഹുമാനപ്പെട്ട നോബർട്ട് കവലക്കാട്ട് അച്ചന് ഗാന്ധിപുരം ഇടകവയിലേക്ക് സ്വാഗതം**

## ലൂർദ്ദ് വോയ്സ് താരിഫ്

ഫുൾ പേജ് - 2400.00
ഹാഫ് പേജ് - 1200.00
1 year full page 9000.00 (ഇടവകാംഗങ്ങൾക്ക് മാത്രം)
മറ്റുള്ളവർക്ക് - 13500.00
1 year Half page 4500.00 (ഇടവകാംഗങ്ങൾക്ക് മാത്രം)
മറ്റുള്ളവർക്ക് - 6250.00

# ഇടവക വാർത്തകൾ

**നന്ദിയോടെ... സ്വാഗതത്തോടെ...**

കഴിഞ്ഞ ഒരു വർഷമായി നമ്മുടെ ഇടവകയിൽ സ്നേഹത്തോടും സമർപ്പണത്തോടും കൂടെ സേവനം ചെയ്ത ബഹുമാനപ്പെട്ട ഫാ. എഡ്വിൻ കൊമ്പൻ മെയ് 25-ഓടെ കൊടൈക്കനാൽ പള്ളിയിലേക്ക് സ്ഥലം മാറിപ്പോയി. അച്ചൻ നമ്മുടെ ഇടവകയ്ക്ക് നൽകിയ വിലയേറിയ ശുശ്രൂഷകളെ നന്ദിയോടെ സ്മരിക്കുകയും, അച്ചന്റെ തുടർന്നുള്ള അജപാലന ദൗത്യങ്ങളിൽ ദൈവാനുഗ്രഹം ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഇടവകയുടെ പേരിൽ ഹൃദയം നിറഞ്ഞ നന്ദിയും പ്രാർത്ഥനാശംസകളും നേരുന്നു.

നമ്മുടെ ഇടവകയുടെ പുതിയ കൊച്ചച്ചനായി ചുമതലയേറ്റ ബഹുമാനപ്പെട്ട ഫാ. നോബർട്ട് കവലക്കാട്ടിനെ ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു.

**ദുക്റാന തിരുനാൾ**

നമ്മുടെ വിശ്വാസപിതാവായ മാർത്തോമ്മാ ശ്ലീഹായുടെ തിരുനാൾ ജൂലൈ 3-ന് നമ്മൾ ആഘോഷിക്കുകയാണ്. ഈ ദിവസം തങ്ങളുടെ മധ്യസ്ഥന്റെ തിരുനാൾ ആഘോഷിക്കുന്ന സെന്റ് തോമസ് യൂണിറ്റിനും, എല്ലാ തോമസ് നാമധാരികൾക്കും തിരുനാൾ മംഗളങ്ങൾ നേരുന്നു. കടമുള്ള ദിവസമായതിനാൽ, വിശുദ്ധ കുർബാനയിൽ എല്ലാവരും പങ്കുചേർന്ന് അനുഗ്രഹം പ്രാപിക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു.

**റോസാമിസ്റ്റിക്കാ തിരുനാൾ**

ജൂലൈ 13-ാം തീയതിയിലുള്ള റോസാമിസ്റ്റിക്കാ മാതാവിന്റെ തിരുനാൾ എല്ലാവരുടേയും സൗകര്യാർത്ഥം ജൂലൈ 12-ാം തിയ്യതി നമ്മുടെ ഇടവകയിൽ ആഘോഷപൂർവ്വം കൊണ്ടാടുകയാണ്. കൂടാതെ, ഓഗസ്റ്റ് മാസം 13-ാം തീയതിയും ഈ ദിനം നമ്മൾ ആചരിക്കുന്നുണ്ട്. പ്രാർത്ഥനയുടെയും ത്യാഗത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും പുണ്യങ്ങളിലൂടെ ദൈവമാതാവിനോട് കൂടുതൽ അടുക്കാൻ ഈ തിരുനാളുകൾ നമ്മെ ഓർമ്മിപ്പിക്കുന്നു. പരിശുദ്ധ അമ്മയുടെ മധ്യസ്ഥത തേടുന്ന ഈ തിരുക്കർമ്മങ്ങളിൽ എല്ലാവർക്കും ഭക്തിപൂർവ്വം പങ്കെടുക്കാം. അമ്മയുടെ അനുഗ്രഹവും സംരക്ഷണവും നമ്മുടെ കുടുംബങ്ങളിൽ എപ്പോഴും ഉണ്ടായിരിക്കട്ടെ.

**അൽഫോൻസമ്മയുടെ തിരുനാൾ**

ഭാരതത്തിന്റെ പ്രഥമ വിശുദ്ധയും സഹനങ്ങളുടെ പുഞ്ചിരിയുമായ വിശുദ്ധ അൽഫോൻസമ്മയുടെ തിരുനാൾ ജൂലൈ 28-ന് ആചരിക്കുന്നു. കഠിനമായ രോഗപീഡകളിലും ദൈവവിശ്വാസത്തിൽ ഉറച്ചുനിന്ന് സഹനത്തെ സ്നേ

ഹമായി മാറ്റിയ വിശുദ്ധയുടെ മധ്യസ്ഥത തേടി നമുക്ക് പ്രാർത്ഥിക്കാം.

**വൈദികരുടെ മധ്യസ്ഥൻ**

ഓഗസ്റ്റ് 4-ാം തീയതി തിരുസഭ മുഴുവൻ വൈദികരുടെ ആഗോള മധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ഭക്തിപൂർവ്വം ആഘോഷിക്കുന്നു. ഫ്രാൻസിലെ 'ആർസ്' (Ars) എന്ന ഗ്രാമത്തിൽ അജപാലന ശുശ്രൂഷയിലൂടെയും ദീർഘനേരത്തെ കുമ്പസാരക്കൂട്ടിലെ സാന്നിധ്യത്തിലൂടെയും അനേകം ആത്മാക്കളെ ദൈവത്തിലേക്ക് നയിച്ച വലിയൊരു പുണ്യവാനായിരുന്നു അദ്ദേഹം. ഈ പുണ്യദിനത്തിൽ നമ്മുടെ ബഹുമാനപ്പെട്ട ഷാജൻ അച്ചനെയും ബഹുമാനപ്പെട്ട  നോബർട്ട് അച്ചനെയും, ലോകമെമ്പാടുമുള്ള മറ്റെല്ലാ വൈദികരെയും ഓർത്ത് അവർക്കായി നമുക്ക് ഒന്നുചേർന്ന് പ്രാർത്ഥിക്കാം.

**സ്വാതന്ത്ര്യദിനവും സ്വർഗ്ഗാരോപണ തിരുനാളും**

നമ്മുടെ മാതൃരാജ്യം എഴുപത്തിയൊൻപതാം (79ാം) സ്വാതന്ത്ര്യദിനം ആഘോഷിക്കുന്ന ഈ പുണ്യദിനത്തിൽ, പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളും നമ്മൾ ഭക്തിപൂർവ്വം കൊണ്ടാടുകയാണ്. മരിയൻ ഭക്തിയും ദേശസ്നേഹവും ഒന്നിച്ചുചേരുന്ന ഈ ധന്യനിമിഷത്തിൽ, ഭാരതത്തിന്റെ സ്വാതന്ത്ര്യത്തിനായി ജീവൻ ബലിനൽകിയ ധീരദേശാഭിമാനികളെ നമുക്ക് നന്ദിയോടെ സ്മരിക്കാം. ഒപ്പം, മാതൃകാപരമായ ജീവിതത്തിലൂടെ സ്വർഗ്ഗസൗഭാഗ്യത്തിലേക്ക് ഉയർത്തപ്പെട്ട പരിശുദ്ധ അമ്മയുടെ മധ്യസ്ഥത തേടി നമ്മുടെ രാജ്യത്തിന്റെ സമാധാനത്തിനും പുരോഗതിക്കും വേണ്ടി നമുക്ക് ഒത്തുചേർന്ന് പ്രാർത്ഥിക്കാം. ഏവർക്കും സ്വാതന്ത്ര്യദിനത്തിന്റെയും സ്വർഗ്ഗാരോപണ തിരുനാളിന്റെയും മംഗളങ്ങൾ നേരുന്നു.

**രണ്ടാം വെള്ളി ആരാധന**

ജൂലൈ 10, ഓഗസ്റ്റ് 14 തീയതികളിൽ പ്രത്യേക രണ്ടാം വെള്ളി ആരാധന വൈകീട്ട് 6:00 മണിക്ക് വിശുദ്ധ കുർബാനയോടു കൂടി  ആരംഭിക്കുന്നു തുടർന്ന്  രാത്രി 9:00 മണി വരെ  ആരാധനയും പ്രാർത്ഥനയും നടക്കും. ഈ അനുഗ്രഹീത ശുശ്രൂഷകളിൽ എല്ലാവരും പങ്കുചേർന്ന് ദൈവാനുഗ്രഹം പ്രാപിക്കണമെന്ന് സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു.

**മെയ്ദിനം**

മെയ് 1-ാം തീയതി തൊഴിലാളികളുടെ മധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുന്നാൾ ഭക്തി ആഘോഷങ്ങളോടെ ആചരിച്ചു. സഹകരിച്ച എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി.

## ആദ്യകുർബാന സ്വീകരണം

മെയ് 2-ാം തീയതി അഭിവന്ദ്യ ആലപ്പാട്ട് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നമ്മുടെ ഇടവകയിലെ 6 കുഞ്ഞുമക്കൾ ആദ്യകുർബാന സ്വീകരിച്ചു. വിശുദ്ധ കുർബാന സ്വീകരിച്ച കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും ഇടവക സമൂഹത്തിന്റെ സ്നേഹവും മംഗളങ്ങളും നേരുന്നു.



## നന്ദിയോടെ യാത്രാമംഗളങ്ങൾ... സ്നേഹത്തോടെ സ്വാഗതം...

നമ്മുടെ ഇടവകയിൽ മാതൃകാപരമായ സേവനം കാഴ്ചവെച്ച് സ്ഥലം മാറിപ്പോകുന്ന മേരിറാണി കോൺവെന്റിലെ പ്രിയപ്പെട്ട സിസ്റ്റർമാരായ Sr. ജിസ് മാത്യു FCC, Sr. ലിസ ജോർജ്ജ് FCC, Sr. ഷീല FCC, Sr. മെഴ്സിറ്റ FCC, Sr. ആശാ അൽഫോൺസ് FCC എന്നിവർക്ക് ഇടവക സമൂഹത്തിന്റെ ആഴമായ നന്ദിയും കടപ്പാടും അറിയിക്കുന്നു. പുതിയ ദൗത്യങ്ങൾ ഏറെ ഫലദായകമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു, Sr. അനീറ്റ FCC, Sr. ലീനസ് FCC, Sr. റൈമി FCC, Sr. ആഗ്നസ് FCC എന്നിവരെ ഒത്തിരി സ്നേഹത്തോടെ ഇടവക സമൂഹത്തിലേക്ക് സ്വാഗതം ചെയ്യുന്നു.



Sr. Anitta FCC



Sr. Leenus FCC



Sr. Raimi FCC



Sr. Agnus FCC

## നന്ദി... ഹൃദയം നിറഞ്ഞ സ്നേഹത്തോടെ!

നമ്മുടെ ദേവാലയത്തിന്റെ വസ്തുക്കൾ ഭദ്രമായി മാറ്റിവെക്കാനുള്ള ശ്രമദാനത്തിൽ പങ്കുചേർന്ന പ്രിയപ്പെട്ട എല്ലാവർക്കും നന്ദി. സ്വന്തം വീട്ടുജോലികൾ മാറ്റിവെച്ച്, കർത്താവിന്റെ ആലയത്തിനായി നിങ്ങൾ ഓരോരുത്തരും ഒഴുക്കിയ വിയർപ്പും കാണിച്ച ആത്മാർത്ഥതയും വാക്കുകൾക്ക് അപ്പുറമാണ്. അമ്മമാരും അപ്പച്ചന്മാരും യുവജനങ്ങളും തോളോട് തോൾ ചേർന്ന് അധ്വാനിച്ചപ്പോൾ അവിടെ പ്രകടമായത് നമ്മുടെ ഇടവകയുടെ വലിയ സ്നേഹവും ഒത്തൊരുമയുമാണ്. ‘പല കൈകൾ, ഒരു വിശ്വാസം’ എന്ന ലക്ഷ്യത്തോടെ ദൈവാലയത്തിനായി കൈകോർത്ത എല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ. വരും ദിവസങ്ങളിലും നമ്മുടെ പള്ളിയുടെ പുനർനിർമ്മാണത്തിനായി നിങ്ങളുടെ ഈ വലിയ സഹകരണവും പ്രാർത്ഥനയും കൂടെയുണ്ടാകുമെന്ന് പ്രത്യാശിക്കുന്നു.

## വണക്കമാസ സമാപനം

പരിശുദ്ധ മാതാവിന്റെ വണക്കമാസ സമാപന ആഘോഷങ്ങൾ മെയ് 30-ന് ഭക്തിപൂർവ്വം നടത്തപ്പെട്ടു. മാതൃവേദിയുടെ നേതൃത്വത്തിൽ അതിനുവേണ്ട എല്ലാ സഹായസഹകരണങ്ങളും നൽകിയ ഏവർക്കും നന്ദി അറിയിക്കുന്നു.

## വിശ്വാസപരിശീലന വർഷാരംഭം

ജൂൺ 7-ാം തീയതി ഞായറാഴ്ച നമ്മുടെ ഇടവകയിൽ പുതിയ അധ്യയന വർഷത്തെ വിശ്വാസപരിശീലന ക്ലാസുകൾ ആരംഭിച്ചു. എല്ലാ കുട്ടികളും അധ്യാപകരും സജീവമായി ഇതിൽ പങ്കെടുത്തു.

## വിശുദ്ധരുടെ തിരുനാൾ

ജൂൺ 14-ാം തീയതി ഞായറാഴ്ച രാവിലെ 8:15-ന് സെന്റ് ആന്റണി യൂണിറ്റും, 28-ാം തീയതി സെന്റ് പോൾ, സെന്റ് പീറ്റർ യൂണിറ്റുകളും തങ്ങളുടെ സ്വർഗ്ഗീയ മധ്യസ്ഥരുടെ തിരുനാൾ ആഘോഷപൂർവ്വം കൊണ്ടാടി. ഇതിന് നേതൃത്വം നൽകിയ യൂണിറ്റ് ഭാരവാഹികൾക്കും അംഗങ്ങൾക്കും നന്ദി.

## ദേവാലയ ശുചീകരണം

മെയ്, ജൂൺ മാസങ്ങളിൽ ദേവാലയം വൃത്തിയാക്കിയ സെന്റ് ഫ്രാൻസിസ് സേവ്യർ യൂണിറ്റിനും, സെന്റ് മേരീസ് യൂണിറ്റിനും സ്നേഹപൂർവ്വം നന്ദി പറയുന്നു. ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ സെന്റ് തോമസ് യൂണിറ്റ്, സെന്റ് അൽഫോൻസാ യൂണിറ്റ് എന്നിവരുടെ നേതൃത്വത്തിൽ ദേവാലയ ശുചീകരണ പ്രവർത്തനങ്ങൾ ഉണ്ടായിരിക്കുന്നതാണ്. യൂണിറ്റിലെ എല്ലാ കുടുംബാംഗങ്ങളും ഇതിൽ സഹകരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

# Life With My Plant Buddy : An Ecological Initiative in the Era of AI



In a world dominated by glowing screens, instant gratification, and virtual spaces, we are quietly losing touch with the physical earth God created. As a part of our new Sunday Catechism Academic Year, we have given our Children saplings. But this isn't just a gardening project. It is a 1-year spiritual journey designed to awaken an ecospiritual vision - a way of seeing God in all of creation and recognizing our profound connection to the universe. Through daily habits, weekly reflections, and steady nurturing, here is how this program will transform our children's hearts and minds:

**1. Nature as our Sibling**

Human beings often view nature as something to conquer, use, or control. By asking students to name their sapling, greet it daily, and even smile at it, we shift their mindset. They stop seeing the plant as an object and start seeing it as a "green sibling", a fellow creature in God's family. This builds an early, powerful sense of cosmic brotherhood rooted in the teachings of Saint Francis of Assisi.

**2. The Daily WhatsApp Poll: Micro-Moments of Mindfulness**

Our daily digital lives are full of distractions. By introducing a quick, creative daily WhatsApp poll (asking if they have blessed, watered, or checked on their plant), we turn technology into a tool for mindfulness. These small, 10-second daily check-ins train students to pause, step away from their routines, and look closely at a living

thing. It cultivates a habit of daily awareness and responsibility.

**3. Developing an Eco-Perspective: The Plant's Eye View**

One of the most unique aspects of this program is the "Plant's POV" (Point of View) exercises. When students write journal entries from the perspective of their sapling watching them get ready for school or dreaming at night, they are practicing deep empathy. They learn to step outside of their own ego and see the world through the needs and existence of another living being.

**4. Cultivating the Forgotten Virtue of Patience**

In an era of high-speed internet and instant deliveries, children struggle with waiting. Nature operates on a completely different timeline. As students watch their sapling grow microscopic millimeter by millimeter, face a withered leaf, or wait for a new bud, they learn spiritual endurance. They begin to understand that God's greatest works including the growth of their own faith take time, silence, and steady care.

**5. Experiencing Interdependence and "The Invisible Breath"**

Through exercises like the "Breath Exchange," students physically connect their own bodies to the biology of the plant. They realize that the carbon dioxide they exhale keeps the plant alive, while the oxygen the plant releases keeps them breathing. This teaches a profound theological and ecological truth: we do not exist in isolation. We are completely dependent on the web of life God designed.

**6. Linking Physical Care with Inner Spiritual Growth**

Every weekly exercise bridges the gap between taking care of nature and taking care of the soul. When students wipe dust off a

leaf, they reflect on cleaning their own hearts. When they support a leaning stem with a wooden stake, they reflect on the family and church community supporting them. The plant becomes a living, growing mirror of their own interior life.

**7. Accountable Stewardship and Milestone Tracking**

By requiring a weekly photo update and a recorded measurement, the program instills true accountability. Our young people learn that loving creation isn't just a fleeting feeling; it requires consistent, documented, and visible effort. They learn the gravity of being true stewards of the earth.

**8. A Mission for the Future**


At the end of the year, when these well-loved, sturdy plants are firmly rooted into the earth during our graduation ceremony, it marks a spiritual milestone. The students will walk away knowing they have added life, beauty, and oxygen to the world. They leave not just as students who memorized prayers, but as active caretakers of God's kingdom.

**A Note to Parents:**

We cannot protect what we do not love, and we cannot love what we do not know. We invite you to support your children in this beautiful experiment. Let your homes become places where "Brother Sun and Sister Water" are celebrated, and let us watch our children grow up hand-in-hand with the living wonders of God's creation. Your kind support and consistent vigilance is valued.

With love and blessings

**Fr. Norbert OFM Cap**



# റോസാമിസ്റ്റിക്ക മാതാവ്



'റോസാമിസ്റ്റിക്ക' (Rosa Mystica) അഥവാ 'രഹസ്യഗുണങ്ങളുള്ള റോസാപ്പൂവ്' എന്ന പേരിൽ അറിയപ്പെടുന്ന പരിശുദ്ധ അമ്മയുടെ ദർശനങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ് ഈ മരിയൻ ഭക്തി. ഇറ്റലിയിലെ മോണ്ടിച്ചിയാരിയിലും ഫോണ്ടെനെല്ലിയിലുമായി പിയേറിന ഗില്ലി എന്ന നഴ്സിന് പരിശുദ്ധ അമ്മ നൽകിയ ദർശനങ്ങളാണ് ഈ ആത്മീയതയുടെ അടിസ്ഥാനം. ലോകത്തിൽ വർദ്ധിച്ചുവരുന്ന പാപങ്ങൾക്കുള്ള പരിഹാരമായി പ്രാർത്ഥനാനിർഭരമായ ജീവിതം നയിക്കാൻ അമ്മ നമ്മെ ഓർമ്മിപ്പിക്കുന്നു.

1911 ഓഗസ്റ്റ് 3-ന് ഇറ്റലിയിൽ ജനിച്ച പിയേറിന ഗില്ലിക്ക് 1947 മുതൽ 1976 വരെയുള്ള കാലഘട്ടത്തിൽ 13 തവണയാണ് പരിശുദ്ധ അമ്മ ദർശനം നൽകിയത്. 1947-ൽ പിയേറിന ജോലി ചെയ്തിരുന്ന ആശുപത്രി മുറിയിൽ വെച്ചായിരുന്നു ആദ്യ ദർശനം. വയലറ്റ് നിറത്തിലുള്ള വസ്ത്രമണിഞ്ഞ് അതീവ ദുഃഖിതയായി പ്രത്യക്ഷപ്പെട്ട അമ്മയുടെ ഹൃദയത്തിൽ മൂന്ന് വാളുകൾ തറച്ചിട്ടുണ്ടായിരുന്നു. സഭയിലെ ദൈവവിളികൾ നഷ്ടപ്പെടുന്നതും, വൈദികരും സന്യസ്തരും ദൈവത്തോട് കാണിക്കുന്ന അവിശ്വസ്തതയും, ലോകത്തിൽ വിശ്വാസം ക്ഷയിക്കുന്നതുമായിരുന്നു അമ്മയുടെ ഹൃദയവേദനയ്ക്ക് കാരണമായ ആ മൂന്ന് വാളുകൾ. ഈ അവസ്ഥയ്ക്ക് പരിഹാരമായി പ്രാർത്ഥനയും പ്രായശ്ചിത്തവും പരിഹാരപ്രവൃത്തികളും അനുഷ്ഠിക്കാൻ അമ്മ ആവശ്യപ്പെട്ടു.

1947 ജൂലൈ 13-ന് വെള്ളവസ്ത്രങ്ങൾ അണിഞ്ഞ്, ഹൃദയത്തിൽ മൂന്ന് റോസാപ്പൂക്കളുമാ

യി അമ്മ വീണ്ടും പ്രത്യക്ഷപ്പെട്ടു. മുൻപ് കണ്ട മൂന്ന് വാളുകൾക്ക് പകരം പ്രത്യാശയുടെ പ്രതീകമായി വെള്ള, ചുവപ്പ്, സ്വർണ്ണം എന്നീ നിറങ്ങളിലുള്ള റോസാപ്പൂക്കളാണ് അമ്മയുടെ ഹൃദയത്തിൽ ഉണ്ടായിരുന്നത്. ഇവ ക്രൈസ്തവ ജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത മൂന്ന് കാര്യങ്ങളെ സൂചിപ്പിക്കുന്നു:

വെള്ള റോസാപ്പൂ: നിതാന്തമായ പ്രാർത്ഥന (Prayer) ദൈവവുമായുള്ള നിരന്തരമായ ആത്മീയ സമ്പർക്കം.

ചുവപ്പ് റോസാപ്പൂ: ത്യാഗവും പ്രായശ്ചിത്തവും (Sacrifice) പാപങ്ങൾക്ക് പരിഹാരമായി ചെയ്യുന്ന ആത്മനിയന്ത്രണങ്ങൾ.

സ്വർണ്ണ റോസാപ്പൂ: പരിഹാര പ്രവൃത്തികൾ (Reparation) സഭയ്ക്കും ലോകത്തിനും വേണ്ടി സമർപ്പിക്കുന്ന ഉത്തമ ജീവിതസാക്ഷ്യം.

കൂദാശകളുടെ യോഗ്യമായ സ്വീകരണത്തിലൂടെയും ജപമാല സമർപ്പണത്തിലൂടെയും മാത്രമേ ലോകത്തിൽ പെരുകുന്ന തിന്മകളെ ചെറുക്കാൻ സാധിക്കൂ എന്ന് റോസാമിസ്റ്റിക്ക മാതാവ് ഓർമ്മിപ്പിക്കുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഈ അമ്മയുടെ രൂപത്തിൽ നിന്നും കണ്ണുനീരും രക്തക്കണ്ണുനീരും ഒഴുകുന്ന അത്ഭുതങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. മാതാവിന്റെ മധ്യസ്ഥതയാൽ അനേകം രോഗശാന്തികളും മാനസാന്തരങ്ങളും ഇന്നും നടന്നുകൊണ്ടിരിക്കുന്നു.

പരിശുദ്ധ അമ്മയുടെ ആഗ്രഹപ്രകാരം ജൂലൈ 13-ാം തീയതി സഭയിൽ റോസാമിസ്റ്റിക്ക മാതാവിന്റെ തിരുനാളായി ആചരിക്കുന്നു. കൂടാതെ, എല്ലാ മാസവും പതിമൂന്നാം തീയതി മാതാവിന്റെ പ്രത്യേക ദിനമാണ്. ഈ ദിവസത്തിന് ഒരുക്കമായി ഒന്നാം തീയതി മുതൽ പന്ത്രണ്ടാം തീയതി വരെ പ്രത്യേക പ്രാർത്ഥനകളോടൊപ്പം മാതാവിന്റെ 'രക്തക്കണ്ണുനീർ ജപമാല' ചൊല്ലി വിശ്വാസികൾ ഒരുങ്ങേണ്ടതുണ്ട്.

കരുണയുടെ മണിക്കൂർ (Hour of Grace)

എല്ലാ വർഷവും ഡിസംബർ 8-ന് ഉച്ചയ്ക്ക് 12 മണി മുതൽ 1 മണി വരെയുള്ള സമയം 'കരുണയുടെ മണിക്കൂറായി' പ്രാർത്ഥനയോടെ ആചരിക്കാൻ അമ്മ ആവശ്യപ്പെടുന്നു. ഈ സമയത്ത് പൂർണ്ണഹൃദയത്തോടെ പ്രാർത്ഥിക്കുന്നവർക്ക് വലിയ അനുഗ്രഹങ്ങൾ ലഭിക്കുമെന്ന് മാതാവ് വാഗ്ദാനം ചെയ്യുന്നു.

റോസാമിസ്റ്റിക്ക മാതാവേ, ഞങ്ങളുടെ കുടുംബങ്ങൾക്കും വൈദികർക്കും സമർപ്പിതർക്കും വേണ്ടി അപേക്ഷിക്കണമേ.

MRS FENILA JOJU

# SMYM MONTHLY ACTIVITY REPORT

**May 17, 2026**

A youth meeting was conducted to bid farewell to our former Assistant Vicar, Fr. Edwin Komban. The gathering included a cake-cutting ceremony as a token of gratitude for his dedicated service to the parish and the youth.

**May 30-31, 2026**

The SMYM of Kovundampalayam St. Joseph Church organized a Cricket Tournament (Open Category - No Age Limit). Members of our church SMYM, along with participants from Prithirvethi, actively took part in the tournament, promoting fellowship, teamwork, and sportsmanship.

**June 2026**

Throughout the month, our SMYM members actively assisted the parish in shifting church materials and other necessary items to facilitate the ongoing construction of the new church. The youth willingly volunteered their time and effort in supporting this important parish activity.

**June 28, 2026**

The monthly Youth Catechism and SMYM meeting was held. The catechism class was led by our new Assistant Vicar, Fr. Norbert Joby Kavalakat, on the topic "How the Moral Values Learned in Childhood Help Us Overcome Successes and Failures in Life." The session encouraged the youth to reflect on the importance of strong moral values in facing life's challenges.

Later, our Parish Vicar, Fr. Shajan, joined the meeting and discussed the SMYM's contribution towards the ongoing church construction. The discussion focused on fundraising initiatives and offerings from the youth to support the parish's construction project.

# Protecting the Human Heart in an AI World: A Guide to Pope Leo XIV's New Encyclical Magnifica Humanitsa

Have you noticed how fast the world is changing? Everywhere we look, Artificial Intelligence is writing stories, creating art, and answering our questions. It is an exciting time, but it can also be a little confusing. How do we hold on to what makes us special when computers seem to do everything so well?

Pope Leo XIV recently wrote an encyclical letter called Magnifica Humanitas (which means "Magnificent Humanity") to answer exactly that. He offers a beautiful, simple guide on how to live well, protect our hearts, and use new technology for good.

**Two Paths for Our Future**

The Pope starts by looking at the big picture, using two famous stories from the Bible to explain the choice we have to make today. He says we can choose to build a "Tower of Babel," or we can choose to "rebuild Jerusalem."

What does that mean? Building a Tower of Babel means using technology for the wrong reasons. It happens when we use screens and computers just to gain power, make more money, and forget about God and the people around us. Rebuilding Jerusalem, however, is a beautiful choice. It means using technology to bring people together, celebrate how wonderfully different we all are, and care for everyone, especially those who are struggling.

**Machines Are Marvelous, But They Are Not People**

We all know that AI can do amazing things, from solving hard math problems to driving cars. But the Pope reminds us of a simple, grounding truth: computers are just tools. A machine does not have a body, and it definitely does not have a heart. A robot cannot truly love you, it cannot feel pain, and it has no idea what the difference is between right and wrong. Because machines lack a soul, the Pope gives a strong warning. We must never allow computers to make life-changing decisions about people, and we must never use AI as a weapon to hurt others. Humans must always be the ones taking care of humans.

**A Special Warning for the Digital World**

Pope Leo XIV has a very special message for teenagers and young adults who are growing up with smartphones in their hands. The digital world is fun, but it has hidden traps. Spending hour after hour scrolling through social media can actually make you feel deeply lonely. It can ruin your sleep and even turn into an addiction where you cannot put the screen down. Furthermore, the internet today is crowded with fake news, altered pictures, and AI tricks that make it really hard to know what is real. The Pope encourages young people to be smart and careful. Learn how to use these digital tools safely, take breaks, and always remember that finding the actual truth is incredibly important.

**The Power of Real-Life Connection**

The power of real-life connection is something we often overlook. The Pope highlights these essential modes of human connection. Texting, gaming online, and video chatting are great ways to keep in touch, but they are not enough for the human spirit. The Pope reminds us that the human heart craves true, real-life closeness. You cannot hug a text message. Hence, our human lives can become devoid of physical presence when hijacked by the digital realm. He asks everyone to do something very simple: put the phone down and take a break from the screen. Spend actual, physical time with your family and friends. Share a meal together at the table. Go out and help people in your community who are in need. Life happens in the real world, not just behind a piece of glass.

**You Are Infinitely Special**

You are infinitely special, so make yourself tangibly available. At the end of his letter, Pope Leo XIV leaves us with a comforting message. No matter how smart, fast, or impressive Artificial Intelligence becomes, it will never have the value of a human being. You are infinitely special because you were created and are deeply loved by God. Technology is a wonderful gift when we use it to protect our Earth, help the poor, and make the world a fairer place. But a computer can never, ever replace the beauty, kindness, and greatness of a human heart. Let us use technology to build a better world, without ever forgetting how to be truly human.

With love and prayers,
Fr. Norbert OFM Cap.





OUR VICAR'S MOTHER
PARISH MEMBERS VISIT 28.05.2026









## വെള്ളിയാഴ്ചകളിലെ
## യൂണിറ്റുകളുടെ ആരാധനക്രമം - 2026

| | | |
|---|---|---|
| * | St. Alphonsa | 03/07/26 |
| * | St. Antony | 17/07/26 |
| * | St. Francis Xavier | 24/07/26 |
| * | St. George | 31/07/26 |
| * | St. John Maria Vianney | 07/08/26 |
| * | St. Joseph | 21/08/26 |
| * | St. Mary | 28/08/26 |
| * | St. Paul | 04/09/26 |
| * | St. Peter | 18/09/26 |
| * | St. Sebastian | 25/09/26 |
| * | St. Thomas | 02/10/26 |
| * | St. Vincent De Paul | 16/10/26 |

## SERAPH 2026 - ALTAR BOYS MEET




















WELCOMING OUR NEW ASST VICAR
REV FR NORBERT KAVALAKKAT OFM 25.05.2026







## MATHAVINTE VANAKKAMASAM
## CLOSING CEREMONY 30.05.2026










## ROSA MISTIKA MONTHLY FEAST
## CELEBRATIONS 13.05.2026







*Meeting with Bishop by our construction committee 26.05.2026*



*Our asst Vicar feast celebrations 06.06.2026*



## വിവാഹാശംസകൾ

ഗാന്ധിപുരം തത്രത്തിൽ പൊന്മണി ബെന്നി- ജൂബി ദമ്പതികളുടെ മകൻ റോഷൻ ബെന്നിയും ഗാന്ധിപുരം പരുത്തിവിളാകത്ത് ജോൺസൺ റെജി- ബിന്ദു ദമ്പതികളുടെ മകൾ മെറിലും തമ്മിലുള്ള വിവാഹം 2026 മെയ് 3ന് ഗാന്ധിപുരം ദേവാലയത്തിൽ വെച്ച് നടത്തപ്പെട്ടു.

ഗാന്ധിപുരം കൈതാരൻ അഗസ്റ്റിൻ - ലീന ദമ്പതികളുടെ മകൻ അഖിൽ കെ.എ.യും വടക്കൻ പറവൂർ മഞ്ഞുമ്മൽ എം.എ. ജോസ്- ഷീജ ദമ്പതികളുടെ മകൾ അനി മേരി ജോസും തമ്മിലുള്ള വിവാഹം 2026 മെയ് 10ന് ഗാന്ധിപുരം ദേവാലയത്തിൽ വെച്ച് നടത്തപ്പെട്ടു.

## പ്രവേശന കൂദാശ

നെന്മണിക്കര ഷാജു ആന്റണി, സോണിയ ഷാജു ദമ്പതികളുടെ മകൾ സന (ജെസിന്ത മേരി) 2026 മെയ് 31-ാം തീയതി ഗാന്ധിപുരം ഇടവകയിൽ വെച്ച് പ്രവേശന കൂദാശ (മാമ്മോദീസ) സ്വീകരിച്ചു.



## 19-ാം ചരമവാർഷികം

# LINDA JOSE

W/o. P.L. Jose
Thathrathil Ponmani House
P.N. Palayam, Coimbatore - 37
Born : 21.01.1972
Died : 24.08.2007

Mrs. Baby Jose, Johnson Jose,
Paulson Jose, Thomson Jose,
Shanthwani Johnson

**ഞാൻ നിങ്ങളിൽനിന്ന് അകന്നുപോയെങ്കിലും
എന്റെ സ്നേഹം എന്നും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും
സ്വർഗ്ഗത്തിൽ നാം ഒന്നിക്കുന്നതുവരെ നിങ്ങൾ
എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ.**

*Memorial Day*



# C.P. JOSEPH & K.V. THRESIA

Born : 20.03.1924
Died : 25.05.2010

Born : 04.07.1928
Died : 22.07.2012

Chiriyankandath House
A tribute from sorrowing family members


6th Death Anniversary

**P.D. ANTONY**

**Pallikunnath House**

**Born : 02.06.1927**

**Died : 03.08.2020**



*By Sorrowing Family*

*Throw yourselves into the arms of Jesus Christ enter into his heart the shelter of holy souls and treasury of heaven.*



26th Death Anniversary

**P.S. MOSES**

**Paruthivilakathu "Rejis Bhavan"**

**Born : 16.09.1936 Died : 26.08.2000**

*A tribute of love from Family Membres*

*Mr. Antony and Family, Mr. Milton Reji & Family*

*Mr. Sebastian Reji & Family, Mr. Johnson Reji & Family*



## 16th Death Anniversary

### Sunny C.J.

Born : 01.03.1959
Died : 03.07.2010

Chittilappilly House
P.N. Palayam

Wife : Magee Sunny, Son : Jithin Sunny

In loving memory on
8th Death Anniversary
18th July 2026


### P.V. JOSE

Pannengattu House
Born : 06.07.1947   Died : 18.07.2018

A tribute from
sorrowing family mebers



# 9-ാം ചരമവാർഷികം



## സി.എൽ. ദേവസ്സി

ചിറമ്മൽ ചെമ്മാനി ഹൗസ്

ജനനം : 27.07.1935 മരണം : 30.08.2017

'ഞാനാണ് പുനരുത്ഥാനവും ജീവനും,
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും.'
(യോഹ. 11:25)

സന്തപ്ത കുടുംബാംഗങ്ങൾ
ഭാര്യ – ഗ്രേസി & JMJ

# A DAY WITH DIVINE MERCY
# ST. SEBASTIAN UNIT



Antony K M & Family - August 10, 2026 (Mon)

Antony P F & Family - August 11, 2026 (Tue)

Antro Prince & Family - August 12, 2026 (Wed)

Babu B & Family - August 13, 2026 (Thu)

Babu C T & Family - August 14, 2026 (Fri)

Francis K P & Family - August 15, 2026 (Sat)

Jacob K L & Family - August 17, 2026 (Mon)

Jees Prakash & Family - August 18, 2026 (Tue)

Lizario Antony & Family - August 19, 2026 (Wed)

Manish Rajan & Family - August 20, 2026 (Thu)

Milton Reji & Family - August 21, 2026 (Fri)

Saji Issac & Family - August 22, 2026 (Sat)

Sanal Xavier & Family - August 24, 2026 (Mon)

Shaju Jose & Family - August 25, 2026 (Tue)

Shaju T T & Family - August 26, 2026 (Wed)

Sunny C C & Family - August 27, 2026 (Thu)

Varghese A K & Family - August 28, 2026 (Fri)

Vincent K M & Family - August 29, 2026 (Sat)

Williams C T & Family - August 31, 2026 (Mon)

# A DAY WITH DIVINE MERCY
# ST. FRANCIS XAVIER UNIT



Alphonsa & Family - September 1, 2026 (Tue)

Andrews P L & Family - September 2, 2026 (Wed)

Antony M V & Family - September 3, 2026 (Thu)

Cicily Lazar & Family - September 4, 2026 (Fri)

Jaison O F & Family - September 5, 2026 (Sat)

James O J & Family - September 7, 2026 (Mon)

Joffy Jose & Family - September 8, 2026 (Tue)

Johnson C D & Family - September 9, 2026 (Wed)

Johnson O J & Family - September 10, 2026 (Thu)

Johnson V O & Family - September 11, 2026 (Fri)

Jose P L & Family - September 12, 2026 (Sat)

Jossy George & Family - September 14, 2026 (Mon)

Joy Antony & Family - September 15, 2026 (Tue)

Lissy Raphel & Family - September 16, 2026 (Wed)

Lona C D & Family - September 17, 2026 (Thu)

Marianathan & Family - September 18, 2026 (Fri)

Mathew P V & Family - September 19, 2026 (Sat)

Paulson C F & Family - September 21, 2026 (Mon)

Sheela Jacob & Family - September 22, 2026 (Tue)

Varghese P F & Family - September 23, 2026 (Wed)


Attire
The Uniform People
Corporate Wear
Elegant and professional attire for offices, including suits, blazers, and formal shirts and trousers.
Medical Uniforms
Comfortable scrubs and lab coats for doctors, nurses, and healthcare professionals.
Industrial Uniforms
Durable and safe uniforms for factories, construction, and manufacturing industries.
School Uniforms
Neatly designed uniforms for students, including shirts, skirts, pants, and ties.
Security Uniforms
Smart and reliable uniforms for security guards and personnel.
Call Us Now!
Shaju V Matthew
98941 70477
attireuniforms2022@gmail.com
#2, KRG Nagar - 4th Street
Canapathy, Coimbatore - 641 006

# സംഘടനാ വാർത്തകൾ

## മാതൃവേദി

**പരസ്പര സഹായ നിധി**

2025 – 2026 വർഷത്തെ പരസ്പര സഹായ നിധി ദൈവാനുഗ്രഹത്താൽ ഭംഗിയായി പൂർത്തീകരിക്കുവാൻ സാധിച്ചു. ഇതിനായി അക്ഷീണം പ്രവർത്തിച്ച എല്ലാ എക്സിക്യൂട്ടിവ് അംഗങ്ങൾക്കും ഹൃദയപൂർവ്വം നന്ദി രേഖപ്പെടുത്തുന്നു. 2026 – 2027 വർഷത്തെ പരസ്പര സഹായ നിധി പള്ളിപണിയുടെ ഭാഗമാണ്. എല്ലാ മാതൃവേദി അംഗങ്ങളും പൂർവ്വാധികം തീക്ഷ്ണതയോടെ ഇതിൽ പങ്കുചേർന്ന് സഹകരിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

**മാതാവിന്റെ വണക്കമാസ സമാപനം**

മാതൃവേദിയുടെ നേതൃത്വത്തിൽ 30/05/2026 ശനിയാഴ്ച മാതാവിന്റെ വണക്കമാസ സമാപനം ഭക്തിപൂർവ്വം നടത്തപ്പെട്ടു.

5:45 PM ന് കരുണക്കൊന്തയോടെ ആരംഭിച്ച് 6:00 PM ന് ആഘോഷമായ വി. കുർബാന അർപ്പിക്കപ്പെട്ടു. തുടർന്ന് ആഘോഷമായ ജപമാല പ്രദക്ഷിണം, വണക്കമാസ സമാപന പ്രാർത്ഥന, നേർച്ച വിതരണം എന്നിവ നടന്നു. യൂണിഫോം സാരി ധരിച്ച് നിരവധി അമ്മമാർ കുടുംബസമേതം പങ്കെടുത്ത് മാതാവിന്റെ അനുഗ്രഹം പ്രാപിച്ചു. എല്ലാവരുടെയും സഹകരണത്തിന് ഹൃദയം നിറഞ്ഞ നന്ദി.

**നന്ദി .....**

കഴിഞ്ഞ ഒരു വർഷക്കാലം മാതൃവേദിയുടെ ആനിമേറ്റർ ആയി, ഞങ്ങളെ നയിച്ച ബഹു. ഷീല സിസ്റ്ററിനോടുള്ള നന്ദി വാക്കുകൾക്കതീതമാണ്.



പുതിയ ശുശ്രൂഷാ മേഖലയിൽ സിസ്റ്ററിന് ദൈവത്തിന്റെ സമൃദ്ധമായ അനുഗ്രഹങ്ങൾ ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**നന്ദി – സ്വാഗതം**

ഒരു വർഷക്കാലം മാതൃവേദിയുടെ പ്രവർത്തനങ്ങളിൽ അമ്മമാരോട് ചേർന്നു നിന്ന് ഓരോ കാര്യങ്ങളിലും സഹായിച്ച ബഹുമാനപ്പെട്ട കൊച്ചച്ചൻ എഡ്വിൻ കൊമ്പൻ അച്ചന് സംഘടനയുടെ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. പുതിയതായി കടന്നുവന്നിരിക്കുന്ന ബഹുമാനപ്പെട്ട നോബർട്ട് അച്ചന് മാതൃവേദിയിലേക്ക് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

**സ്വാഗതം**

മാതൃവേദിയുടെ പുതിയ ആനിമേറ്ററായി  ചുമതലയേറ്റ ബഹു. മദർ സുപ്പീരിയർ Sr. Jain FCC ക്ക് മാതൃവേദിയിലേക്ക് ഹൃദ്യമായ സ്വാഗതം .

**ശ്രമദാനം**

പള്ളിയിൽ നടക്കുന്ന ശ്രമദാന ശുശ്രൂഷകളിൽ സമയം കണ്ടെത്തി സ്നേഹപൂർവ്വം കടന്നുവന്ന് സജീവമായി പങ്കെടുക്കുന്ന എല്ലാ അമ്മമാർക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. നിങ്ങളുടെ ആത്മാർത്ഥമായ സഹകരണം കൊണ്ടാണ് ഓരോ ശ്രമദാനവും വിജയകരമാകുന്നത്.
തുടർന്നും എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.





# ഓർമ്മിക്കേണ്ട ദിവസങ്ങൾ

**ജൂലൈ 2026**

03 മാർ തോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ,
(കടമുള്ള ദിവസം) ആദ്യ വെള്ളി
10 കർത്താവിന്റെ എഴുപതു ശിഷ്യന്മാർ
11 നർസിയായിലെ വിശുദ്ധ ബനഡിക്ട്
12 പന്ത്രണ്ടു ശ്ലീഹന്മാരുടെ തിരുനാൾ (നുസർദേൽ)
15 വിശുദ്ധ കുര്യാക്കോസ്, വിശുദ്ധ ജൂലിറ്റ
16 കർമല മാതാവ്
17 നിസ്സിബിസിലെ മാർ യാക്കോബ്
22 വിശുദ്ധ മഗ്ദലേന മറിയം
24 മാർ അദ്ദായിയുടെ ശിഷ്യൻ മാർ മാറി
25 വിശുദ്ധ യാക്കോബ് ശ്ലീഹാ
26 വിശുദ്ധ യോവാക്കീം , വിശുദ്ധ അന്ന
28 വിശുദ്ധ അൽഫോൻസാ
29 വിശുദ്ധ മർത്താ
31 വിശുദ്ധ ഇഗ്നേഷ്യസ് ലയോള

**ആഗസ്റ്റ് 2026**

01 പതിനഞ്ചുനോമ്പാരംഭം, വിശുദ്ധ അൽഫോൻസ് ലിഗോരി
4 വിശുദ്ധ ജോൺ മരിയ വിയാനി
6 നമ്മുടെ കർത്താവീശോ മിശിഹായുടെ രൂപാന്തരീകരണം
7 ആദ്യ വെള്ളി
8 വിശുദ്ധ ഡോമിനിക്
11 വിശുദ്ധ ക്ലാര
14 വിശുദ്ധ ശ്മോനിയും ഏഴു മക്കളും , വിശുദ്ധ മാക്സിമില്യൻ കോൾബേ
15 പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം , ഇന്ത്യൻ സ്വാതന്ത്ര്യ ദിനം
21 വിശുദ്ധ ശെമയോൻ ബർസാബയും സഹ രക്തസാക്ഷികളും, വിശുദ്ധ പത്താം പീയൂസ് മാർപാപ്പ
24 വിശുദ്ധ ബർത്തലോമിയോ ശ്ലീഹ
28 വിശുദ്ധ അഗസ്റ്റിൻ
29 വിശുദ്ധ എവുപ്രാസ്യ



2026 ജൂൺ 28ന് നടന്ന പൊതുയോഗത്തിൽനിന്ന്








## കരിസ്മാറ്റിക് ന്യൂസ്

ജൂൺ 12 വെള്ളിയാഴ്ച വൈകിട്ട് 6:00 മുതൽ 9:00 വരെ വികുർബാനയും തുടർന്ന് കരിസ്മാറ്റിക് പ്രെയ്സ് & വർഷിപ്പ് ആരാധനയും നടത്തപ്പെട്ടു. വി.കുർബാനക്ക് Fr Norbert Kavalakkt OFM Cap നേതൃത്വം നൽകി. Fr. Midhun OFM Cap. നേതൃത്വം നൽകിയ ആരാധനയിൽ നിരവധി വിശ്വാസികൾ പങ്കെടുത്ത് യേശുവിനെ മഹത്വപ്പെടുത്തി, സ്തുതിച്ചു, ആരാധിച്ചു. “വരുവിൻ, നമുക്കു കുമ്പിട്ട് ആരാധിക്കാം; നമ്മെ സൃഷ്ടിച്ച കർത്താവിന്റെ മുൻപിൽ മുട്ടുകുത്താം.” – സങ്കീർത്തനം 95:6 എന്ന വചനം ആധാരമാക്കി നടന്ന രണ്ടാം വെള്ളി ആരാധന അനുഗ്രഹപ്രദമായി.




# പ്രതിനിധിയോഗവാർത്ത (14.06.2026)

പ്രതിനിധിയോഗത്തിലേക്ക് കടന്നു വന്ന കൊച്ചച്ചനെ, വികാരിയച്ചൻ സ്വാഗതം ചെയ്തു. പള്ളിയുടെ നിർമ്മാണത്തിനുള്ള അപേക്ഷ വിലയിരുത്തുന്നതിനും, പഠിക്കുന്നതിനുമായി രൂപതാ കാര്യാലയത്തിലെ നിർമ്മാണ കമ്മിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്.

പള്ളിയുടെ നിർമ്മാണ കാലഘട്ടങ്ങളിൽ കുർബ്ബാന, വിവാഹം, മാമ്മോദീസ, മറ്റു കൂദാശകൾ, നമ്മുടെ പാരിഷ് ഹാളിൽ വെച്ച് നടത്താമെന്ന് തീരുമാനിച്ചു. അതുപോലെ മരണാനന്തര ചടങ്ങുകളും, പ്രാർത്ഥനകളും ആരാധനാലയത്തിൽ വെച്ച് നടത്താമെന്നും തീരുമാനിച്ചു.

July 13നു Rosamistica മാതാവിന്റെ തിരുനാൾ ലളിതമായ രീതിയിൽ ആഘോഷമായി നടത്താമെന്നും തീരുമാനിച്ചു.

പള്ളിയുടെ മുൻഭാഗത്തുള്ള പാർക്കിംഗ് ഏരിയയിൽ two wheelers പാർക്ക് ചെയ്യേണ്ടതാണ്. കൂടുതൽ ശക്തമായ പ്രാർത്ഥനയോടെ ഒരുമിച്ച് ദേവാലയ നിർമ്മാണത്തിലേക്ക് കടക്കാം.












# CATECHISM FORANE INAUGURATION














# CATECHISM NEWS

**02 May 2026**

First Holy Communion - The First Holy Communion for six children of our parish was solemnly celebrated by His Excellency Mar Paul Alappatt.

**17 May 2026**

Send-Off and New Responsibilities - A staff meeting was held in the presence of Rev. Fr. Shajan Cheeramban, former Assistant Vicar Rev. Fr. Edwin Komban, and former Headmistress Sr. Jis Mathew. The gathering served as a farewell to Sr. Jis Mathew and Sr. Mercitta. During the meeting, responsibilities for the academic year 2026-27 were assigned.

**Office Bearers:**

| | | |
|---|---|---|
| Principal | - | Mr. Robin Johny K. |
| Secretary | - | Ms. Jophilla P. J. |
| Treasurer | - | Mrs. Preethi James |

**Additional Coordinators:**

| | | |
|---|---|---|
| Event Coordinators | - | Mrs. Anuja Vincent & Mrs. Arya Sebastian |
| Exam Coordinator | - | Mrs. Feba Ryju |
| Student Counsellor | - | Mrs. Marylin |

**19-21 May 2026**

Days with Jesus - An Intensive Catechism Programme was conducted for students of Classes I-XII by Br. Jerin, Br. Alvin, and Br. Anlin. The three-day programme included faith formation sessions, prayer, games, and interactive activities. Approximately 40 students participated.

**24 May 2026**

PTA Class - A PTA Meeting was conducted with parents of catechism students. Rev. Fr. Jinto Chirammel CMI served as the resource person and led a session on the role of parents in nurturing faith and values in children through practicing faith. Around 40 parents attended the same.

**30 May 2026**

Animators Programme - The Diocesan Animators' Programme was held at Santhom Pastoral Centre. Mrs. Anuja Vincent and Sr. Vimal Jose represented the parish.

**31 May 2026**

Eparchial Catechism Inauguration - The Eparchial Catechism Teachers' Inauguration (Gandhipuram Forane) for the academic year 2026-27 was conducted under the theme "ROOTED - We Are One in Christ." The chief guest was Rev. Sr. Shalini CMC. Formation

sessions were led by Rev. Fr. Antony Mecheripadi and Bro. Raju. A total of 99 teachers participated in the programme.

**06 June 2026**

Feast of St. Norbert - The feast of Rev. Fr. Norbert Kavalakatt, Assistant Vicar, was celebrated by the Catechism Department with prayers and felicitations.

SERAPH 2026 - 10 Altar boys from our parish attended the One-day seminar organized at Santhom Pastoral Centre, accompanied by Sr. Agnes Therese and Ms. Apsara.

**07 June 2026**

Parish Catechism Inauguration - The Catechism Inauguration for the academic year 2026-27 was held during the 8:15 a.m. Holy Mass. Teachers made a special offertory contribution towards the parish church construction project and renewed their commitment through the Faith Formators' Pledge. Following the Holy Mass, the inauguration ceremony was led by Rev. Fr. Shajan Cheeramban, Forane Director and Parish Priest. Rev. Fr. Norbert Kavalakatt introduced the diocesan catechetical theme "ROOTED" and the Year of Family and Community Empowerment. Saplings were distributed to students and teachers as a symbol of growing deeper in faith and community. The programme concluded with class-wise introductions and the commencement of regular catechism classes.

To reinforce the spirit of ROOTED, students were encouraged to nurture the saplings received during the inauguration. A daily monitoring initiative through WhatsApp polls, coordinated by Rev. Fr. Norbert Kavalakatt, has been introduced to track the growth and care of the plants. All students are actively participating in this faith-inspired environmental initiative.

**14 June 2026**

Quiz Contest - Rev. Fr. Norbert conducted a quiz programme for the kids on Church vestments, sacred vessels, liturgical objects, and their significance in the Holy Eucharist.

**21 June 2026**

St. Thomas Day Oratory Contest - The St. Thomas Day oratory contest was conducted in the parish level for the students of STD IX to XII. Congratulations and wishes to all the winners.

Category (IX & X) - Winner: Jovia John (IX STD); Runner: Ansiya (X STD)

Category (XI & XII) - Winner: Alna Maria S (XII STD); Runner: Anna Celine Joseph (XI STD)


CATECHISM
INAUGURATION
INTENSIVE
CATECHISM




ശ്രമദാനം മെയ് ജൂൺ



# JULY 2026

| SUNDAY | MONDAY | TUESDAY | WEDNESDAY | THURSDAY | FRIDAY | SATURDAY |
|---|---|---|---|---|---|---|
| | | | 1<br>2Cor 3:4-11<br>Lk 1:26-38 | 2<br>Eph 3:14-21<br>Jn 17:20-26 | 3<br>Dukhrana of St. Thomas,the Apostle<br>Gen 2:8-17<br>Prov 4:10-18<br>Eph 2:19-22<br>Jn 20:24-29 | 4<br>Acts 6:1-7<br>Lk 8:1-8 |
| 5<br>7th Sunday of the Apostles<br>Num 11:16-18,24-30<br>1Sam 16:14-23<br>Gal 5:16-26<br>Jn 14:15-20,25-26 | 6<br>Eph 1:3-14<br>Mt 3:4-12 | 7<br>Tit 3:1-7<br>Jn 3:1-12 | 8<br>1Cor 12:1-11<br>Mk 3:20-30 | 9<br>Heb 3:7-19<br>Mt 16:1-12 | 10<br>Feast of the Seventy Disciples<br>2Cor 6:1-10<br>Lk 10:1-12,17-20 | 11<br>St Benedict of Nursia<br>Rom 8:12-17<br>Mt 5:1-12 |
| 12<br>1st Sunday of Kaitha<br>Feast of Twelve Apostles<br>Gen 35:23-29<br>Josh 4:1-9<br>Rev 21:9-21<br>Mt 10:1-15 | 13<br>Eph 2:11-22<br>Mt 16:13-20 | 14<br>Gal 1:10-16<br>Jn 4:31-38 | 15<br>St Kuriakose & St Julitta<br>Heb 11:3-10<br>Mt 10:16-33 | 16<br>St Our Lady of Mount Carmel<br>2Cor 1:3-7<br>Lk 11:24-28 | 17<br>Mar Jacob of Nisibis<br>Gal 1:6-10<br>Lk 1:67 76-80 | 18<br>Phil 1:19-26<br>Jn 11:1-16 |
| 19<br>2nd Sunday of Kaitha<br>Deut 28:1-14<br>Sir 10:19-25<br>Rom 11:17-24<br>Jn 15:1-8 | 20<br>Col 1:1-8<br>Jn 15:9-17 | 21<br>2Pet 3:8-13<br>Mt 20:1-16 | 22<br>Rom 8:35-39<br>Jn 20:1-18 | 23<br>Gal 6:6-10<br>Mt 21:18-22 | 24<br>Mar Mari,the disciple of Mar Addai<br>1Cor 3:5-11<br>Jn 14:1-11 | 25<br>St James the Apostle & St Joachim & St Anne<br>Heb 11:8-12<br>Mt 1:1-16 |
| 26<br>3rd Sunday of Kaitha<br>Ruth 1:6-18<br>Sir 33:7-13<br>Rom 12:3-8<br>Lk 10:38-42 | 27<br>Tit 2:1-10<br>Mt 7:12-20 | 28<br>St Alphonsa<br>Deut 28:8-12<br>Isa 53:10-12<br>Gal 2:19-21<br>Jn 12:20-26 | 29<br>St Martha<br>1 Jn 4:7-16<br>Jn 11:17-26 | 30<br>1Tim 6:1-6<br>Mt 21:28-32 | 31<br>St Ignatius of Loyola<br>1Cor 10:31-11:1<br>Lk 14:25-33 | |

# AUGUST 2026

| SUNDAY | MONDAY | TUESDAY | WEDNESDAY | THURSDAY | FRIDAY | SATURDAY |
|---|---|---|---|---|---|---|
| 30<br>1st Sunday of Elijah-Cross-Moses<br>Ex 34:28-35<br>2Chr 5:11-14<br>1Cor 15:35-50<br>Mk 9:2-13 | 31<br>1Cor 2:9-15<br>Lk 2:33-43 | | | | | 1<br>St Alphonse Liguori<br>Rom 8:1-11<br>Mk 12:28-33 |
| 2<br>4th Sunday of Kaitha<br>Deut 6:1-9<br>Ezek 3:16-21<br>2Thess 2:13-17<br>Mk 13:44-52 | 3<br>Eph 1:15-20<br>Mk 8:22-30 | 4<br>St John Maria Vianney<br>2Cor 1:3-7<br>Mt 9:35-10:1 | 5<br>Gal 3:19-25<br>Lk 10:25-37 | 6<br>Transfiguration of our Lord<br>Ex 19:1-8<br>Acts 1:15-26<br>Heb 12:18-29<br>Mt 17:1-9 | 7<br>Rom 14:13-23<br>Mk 9:42-50 | 8<br>St Dominic<br>1Cor 2:1-10<br>Lk 9:57-62 |
| 9<br>5th Sunday of Kaitha<br>Lev 16:20-28<br>Isa 14:1-15<br>Jud 1:8-13<br>Lk 11:14-26 | 10<br>Rev 12:7-12<br>Lk 8:26-39 | 11<br>St Clare<br>Phil 3:8-14<br>Mt 19:27-29 | 12<br>St Clare<br>Phil 3:8-14<br>Mt 19:27-29 | 13<br>1Thess 3:6-13<br>Mk 1:40-45 | 14<br>St Shmoni and her seven Sons<br>St Maximillan Kolbe<br>1 Pet 3:14-17<br>Lk 9:23-26 | 15<br>The feast of the Assumption of Our Lady<br>Ex 15:11-18<br>Acts 1:6-14<br>Rom 16:17-27<br>Jn 2:1-12 |
| 16<br>6th Sunday of Kaitha<br>Gen 8:1-11<br>Song 6:1-4<br>Rev 21:9-14<br>Jn 6:16-24 | 17<br>Eph 5:22-23<br>Mt 16:13-20 | 18<br>Acts 4:32-37<br>Lk 12:22-34 | 19<br>Eph 4:1-6<br>Jn 21:1-12 | 20<br>2Cor 3:12-18<br>Jn 8:31-38 | 21<br>St Simeon Barsaba and the Co Martyrs<br>St Pius X<br>1Thess 2:2-4<br>Jn 21:15-19 | 22<br>1Cor 12:12-27<br>Mt 18:15-20 |
| 23<br>7th Sunday of Kaitha<br>Gen 6:13-22<br>Jer 32:36-41<br>Jas 4:1-10<br>Mt 6:19-24 | 24<br>St Bartholomew, the Apostle<br>1Cor 12:27-31<br>Lk 6:12-19 | 25<br>2Pet 1:1-11<br>Lk 12:13-21 | 26<br>1Jn 3:11-18<br>Lk 16:19-31 | 27<br>1Cor 6:1-11<br>Lk 6:27-36 | 28<br>St Augustine<br>2Cor 5:14-21<br>Mt 5:13-19 | 29<br>St Euphrasia<br>1Thess 4:1-8<br>Mk 10:35-45 |

Cut Here

Cut Here






## Crossword Challenge






**Down**

- 1. We are each given a ____ ability that no one else has.
- 2. If we don't use our special gift God will ____ it away.
- 4. The servant who received one talent did this with it.
- 5. Our abilities are very ____ to God, he wants us to use them wisely.
- 6. This person in the story is used to describe God.
- 8. The first two servants did this with their talents.

**Across**

- 3. The type of story Jesus told about the talents is called this.
- 6. The master rewarded the servant who increased his talents by giving them ____.
- 7. The master gave to each servant according to their ____.
- 9. If you are ____ with a few things God will give you more responsibility.

**(Only catechism students are eligible to participate in the contest. Ten correct entries will be selected by lot and published in the next issue.)**

**Name:** ........................ **Unit Name:** ........................ **Class:** ........................

**Submit to Koch Achan, Before 9 Aug 2026 (Sunday)**

Cut Here

# Creative Caption Writing Contest

**Most Creative Caption Wins!**

- **Write the caption** for the picture in the space below, (any language).
- **Point cards** will be given for participation.
- **Special prize** for Winner will be awarded!!!



## My Plant Buddy Story 🌱

- On a piece of paper, introduce us to your **Plant Buddy!**
- Write a short story about your buddy, and **draw or color them however you like.**
- Be as creative as you want—**what would your plant say if it could talk?**






## Last Month's Winners

| | | |
|---|---|---|
| Albi Rino C | Crossword | Class 7 |
| Anvi Liya C | Caption Writing | Class 3 |

Name: ............................ Unit Name: ............................ Class: ............

**Submit to Koch Achan, Before 9 Aug 2026 (Sunday)**

Cut Here

# FAITH SPARKS

1. What authority was given to those who received Him? (John 1:12)
   God's children
2. Who remembered, "Zeal for your house will consume me"? (John 2:17)
   Disciples
3. What Old Testament object did Jesus mention being lifted up? (John 3:14)
   Bronze serpent
4. What kind of worshipers does the Father seek? (John 4:23)
   True worshipers
5. Whose writings did Jesus say testified about Him? (John 5:46)
   Moses
6. What did many disciples do after Jesus' teaching? (John 6:66)
   Withdrew
7. Which Jewish feast was near? (John 7:2)
   Festival of Booths
8. What did Jesus say His followers would have? (John 8:12)
   Light of life
9. What does "Siloam" mean? (John 9:7)
   Sent
10. During which feast did this teaching occur in Jerusalem? (John 10:22)
    Dedication
11. What feast of Mary is celebrated on August 15?
    Assumption
12. Which Pope proclaimed the Assumption as a dogma?
    Pius XII
13. In which year was the Assumption defined?
    1950
14. What is the name of the document defining the Assumption?
    Munificentissimus Deus
15. Which mystery of the Rosary reflects Mary's Assumption?
    Glorious Mystery
16. How Well Do You Know St. Antony?

- In which Italian city did St. Antony die?
  Padua
- Which religious order did he first join?
  Augustinians
- Which order did he later join?
  Franciscans
- Which part of Antony's body was found incorrupt?
  Tongue
- What is Antony the patron saint of?
  Lost Things


HOLY COMMUNION 02.05.2026







# IMPORTANT DATE AND EVENTS FOR THE MONTHS OF JULY AND AUGUST 2026

**JULY 2026**

- 03 July - Dukrana of St. Thomas the Apostle (Day of Obligation)
- 05 July - Word of God Competition (Parish Level)
- 12 July - Online Orientation Seminar for PTA Members - Gandhipuram Forane
- 26 July - Angels' Meet at Holy Trinity Cathedral, Ramanathapuram
- 26 July - Submission Deadline for PPT Competition: "Saints in Spotlight"
- 28 July - Feast of St. Alphonsa (Co-Patron of Eparchy & CML)

**AUGUST 2026**

- 02 August - First Mid-Term Examination (Classes I - XII)
- 04 August - Feast of St. John Mary Vianney
- 06 August - Feast of the Transfiguration of Our Lord
- 07-09 August - Catechism Teachers' Retreat
- 15 August - Feast of the Assumption of Our Lady & Independence Day
- 29 August - Feast of St. Euphrasia Eluvathingal

# LOGOS QUIZ 2026

Registration has commenced for the Logos Quiz 2026, scheduled to be conducted on 27 September 2026.

Portions:

- Ruth 1-4
- Ecclesiastes 1-6
- 1 Samuel 1-7
- John 1-12
- Galatians 1-6

Those who wish to participate are requested to submit their Name, House Name, Date of Birth, and Language Preference, along with a registration fee of Rs. 20, to the HM. Unit Office Bearers are requested to collect the details from interested participants and submit them to the HM at the earliest.

# HOLY CHILDHOOD OFFICE BEARERS

| | | |
|---|---|---|
| President | - | Galson Sunoj |
| Vice President | - | Anvi Liya |
| Secretary | - | Naethan Austin Paul |
| Joint Secretary | - | Amelia Dany |
| Treasurer | - | Abel Telse |

# PTA OFFICE BEARERS

| | | |
|---|---|---|
| President | - | A.G.Shaju |
| Vice President | - | Rosemol Vincent & Lissy Stanley |
| Secretary | - | P. D. Babu |
| Joint Secretary | - | Saly Joseph |
| Treasurer | - | P.J. Sijo |

# CML OFFICE BEARERS

| | | |
|---|---|---|
| President | - | Steven A S |
| Vice President | - | Jovia John T J |
| Secretary | - | Anna Celine Joseph |
| Joint Secretary | - | Savio Siju |
| Treasurer | - | Sifhil M S |
| Executive Members | - | Ann Maria & Chrissil C P |

# ALTAR BOYS OFFICE BEARERS

| | | |
|---|---|---|
| President | - | Chrissil C. P. |
| Vice President | - | Anson Antony C. |
| Secretary | - | Steven A. S. |
| Joint Secretary | - | Gabriel Delwin J |
| Treasurer | - | Aaron Joseph Ryju |
| Executive Member | - | Praju George |
| Executive Member | - | Freddy Franklin |



**PTA CLASS**

**K.J GEORGE**
Cell: 9865259919

*Nirmala*
**MATHA**
**CHITS (TAMIL NADU) PVT.LTD**

0422 6506785
0422 2536785

**A.G. VARGHESE**

Phone : 0422-5514235
Mobile : 98422 18161

# ATHANIKKAL ENGINEERING

Manufactures of : M.V. Panel Boards, Changeovar Panel Boards
Sub Switch Boards, Motor Control Centres, Bus Ducts,
Generator Centrol Panel Boards, All Taxtile Control Panel Boards,
AMF Control Panels

No. 13, Industrial Estate (Near Gem), Ganapathy, Coimbatore - 641 006.

# Divine
## Digital Diagnostics

No.343, 3rd Street extension,
Gandhipuram, Coimbatore-641012

**LAB | DIGITAL X-RAY | ECG | HEALTH CHECKUP**

**0422 2523645 9363013645 9443913645 9489363377**

**WORKING HOURS:**
**7 AM - 9 PM (MON TO SAT) 7 AM - 1 PM (SUNDAY)**



P.J. VARGHESE (JOBI)

✆ : 0422-2494007
98432 96007

# JOSE AUTOMOBILES

**MULTIBRAND FOUR WHEELER SERVICE**

MECHANICAL, TINKERING, PAINTING, ELECTRICAL, UPHOLSTRY, ACCESSORIES
A/C, WATER SERVICE, INTERIOR CLEANING, INTERIOR ENRICHMENT

# JB CABS

*Tours & Travel Operator*

*A/c Cars & Vans Available for Rent*
*Innova, Etios, Swift, Tempo Traveller, Swaraj Mazda*

**205-A, 11th STREET, GANDHIPURAM, COIMBATORE - 12**